## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*88. 30.11.2018 ൽ മറുപടിയ്ക്ക്

## എറണാകുളം കിൻഫ്രാ പാർക്കിൽ ബ്രൂവറി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.സണ്ണി ജോസഫ് | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | 1967-ലെ ബ്രൂവറി റൂൾസ് പ്രകാരം ബ്രൂവറിക്കുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ എന്തൊക്കെയാണ്; | (എ) | 1967 ലെ ബ്രൂവറി റൂളിലെ റൂൾ 2 (2) പ്രകാരം ബ്രൂവറി ലൈസൻസിനുള്ള അപേക്ഷയോടൊപ്പം<br>(1) ബ്രൂവറിക്കായി ഉപയോഗിക്കുന്ന സ്ഥലം, ഉപകരണങ്ങൾ എന്നിവയുടെ പൂർണ്ണ വിവരണവും, ഓരോ മുറികളും പാത്രങ്ങളും തിരിച്ചറിയുന്നതിന് വ്യക്തമായ അടയാളങ്ങൾ രേഖപ്പെടുത്തണം.<br>(2) 15/- രൂപയുടെ ട്രഷറി ചെലാൻ രസീത് എന്നിവ ഹാജരാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | പവർ ഇൻഫ്രാടെക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് എറണാകുളം കിൻഫ്രാ പാർക്കിൽ ബ്രൂവറി സ്ഥാപിക്കുന്നതിന് അനുമതി നൽകി ഉത്തരവുണ്ടായിട്ടുണ്ടോ; | (ബി) | ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് 09/10/2018-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 744/2018/നി.വ. പ്രകാരം റദ്ദ് ചെയ്തിട്ടുണ്ട്. |
| (സി) | കിൻഫ്രാ പാർക്കിൽ എത്ര ഏക്കർ സ്ഥലമാണ് പ്രസ്തുത സ്ഥാപന ത്തിന് ഈ ആവശ്യത്തിലേക്കായി അനുവദിച്ചതെന്നും ആരാണ് പ്രസ്തുത അനുമതി നൽകിയതെന്നും വ്യക്തമാക്കുമോ; | (സി) യും (ഡി യും (ഇ) യും | ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെ ക്ലിയറൻസിനു വിധേയമായി കളമശ്ശേരി കിൻഫ്രാ വ്യവസായ പാർക്കിൽ 10 ഏക്കർ സ്ഥലം തത്വത്തിൽ വിട്ടുനൽകാൻ സന്നദ്ധമാണെന്ന് കിൻഫ്രാ ജനറൽ മാനേജർ (പ്രൊജക്ട്സ്) 29/03/2017-ലെ കത്തിലൂടെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. പ്രസ്തുത |

| | | | |
|---|---|---|---|
| (ഡി) | ബ്രൂവറിക്കുള്ള അപേക്ഷയോടൊപ്പം കിൻഫ്രാ പാർക്കിൽ പ്രസ്തുത കമ്പനിക്ക് സ്ഥലം അനുവദിച്ചതിന്റെ രേഖകൾ സമർപ്പിച്ചിരുന്നോ; വിശദാംശം നൽകുമോ; | | കത്തിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കിയിരുന്നു. |
| (ഇ) | ഇല്ലെങ്കിൽ പ്രസ്തുത അപേക്ഷയിൽ തീരുമാനം എടുത്തത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ